# MATHRUBHUMI

**Russian citizens returned**

**Date :** 22.5.2020 | **Edition : Trivandrum** | **Page :** 3 | **Clip size (cm) : W:** 13 **H:** 10

---

# റഷ്യൻ പൗരൻമാരെ നാട്ടിലേക്കു കൊണ്ടുപോയി

**തിരുവനന്തപുരം** ▶ ലോക്ഡൗണിനെ തുടർന്ന് കോവളം, വർക്കല എന്നീ വിനോദസഞ്ചാരകേന്ദ്രങ്ങളിലും തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലും കുടുങ്ങിപ്പോയ റഷ്യൻ പൗരൻമാർ അടക്കമുള്ള 103 വിദേശികളെ നാട്ടിലേക്കു കൊണ്ടുപോയി.

റഷ്യൻ സർക്കാർ ഏർപ്പെടുത്തിയ പ്രത്യേക വിമാനമായ റോയൽ എയർലൈൻസിന്റെ എ.ജി.ബി.-9904 എന്ന വിമാനത്തിൽ ഇവരെ തിരുവനന്തപുരം വിമാനത്താവളം വഴി വ്യാഴാഴ്ച രാവിലെ 11.54-നാണ് നാട്ടിലേക്കു കൊണ്ടുപോയത്.

രാവിലെ 7.30-ഓടെ തിരുവനന്തപുരത്തുള്ള റഷ്യൻ ഓണററി കോൺസൽ രതീഷ് സി.നായരുടെ നേതൃത്വത്തിൽ ഇവരെ വിമാനത്താവളത്തിലെത്തിച്ചു. ആരോഗ്യപ്രവർത്തകരുടെ പരിശോധനയും പൂർത്തിയാക്കി.



▶ റഷ്യയിൽ നിന്നെത്തിയ പ്രത്യേക വിമാനത്തിൽ നാട്ടിലേക്കു മടങ്ങിപ്പോകുന്നതിനായി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിയ റഷ്യക്കാർ

98 റഷ്യക്കാർ, മൂന്ന് ഇന്ത്യക്കാർ, ഇസ്രായേൽ, അമേരിക്ക എന്നീ രാജ്യങ്ങളിലെ ഓരോ പൗരൻമാരടക്കം 103 പേരാണ് ഇവിടെനിന്നു പുറപ്പെട്ടത്. ക്യാപ്റ്റൻ മാമദ് ഷനോവ്, കോ-പൈലറ്റ് ലെഷ്ഷേവ് ഇവാൻ എന്നിവരടക്കം 12 വിമാനജീവനക്കാരാണ് പ്രത്യേക ദൗത്യസംഘത്തിലുണ്ടായിരുന്നത്.

തിരുവനന്തപുരത്തുനിന്ന് കൊൽക്കത്തയിലെത്തിയ ശേഷം അവിടെയുള്ള 77 പൗരൻമാരുമടക്കം 180 പേരാണ് മോസ്കോയിലേക്കു പുറപ്പെട്ടതെന്ന് റഷ്യൻ കോൺസൽ അറിയിച്ചു.